# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.2139

16.08.2017-ൽ
മറുപടിയ്ക്ക്

## റാന്നിയിൽ റബ്ബർ പാർക്ക്

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനക്ഷേമവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | റാന്നിയിൽ റബ്ബർ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നതതല യോഗം ചേർന്നത് എന്നാണ് എന്നറിയിക്കുമോ; | എ) | റാന്നിയിൽ റബ്ബർ പാർക്ക് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഉന്നതതല യോഗം ചേർന്നത് 16/5/2017 നാണ്. |
| ബി) | ഉന്നതതലയോഗതീരുമാന പ്രകാരം റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനായി കണ്ടെത്തിയിട്ടുള്ള മണിയാർ എസ്റ്റേറ്റിൽ സർവ്വേ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത് ആരാണ്; സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | ബി) & സി) | പ്രസ്തുത ഭൂമിയുടെ സർവ്വെയുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഇതു സംബന്ധിച്ച വിവരങ്ങൾ സർവ്വെ ഡയറക്ടറേറ്റിൽ നിന്നും ശേഖരിച്ചു വരുന്നു. |
| സി) | എത്ര നാളുകൾകൊണ്ട് സർവ്വേ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; ഒരു സമയക്രമം നിശ്ചയിച്ച് നടപടികളുടെ പുരോഗതി വിലയിരുത്താനായി എന്തെങ്കിലും സർക്കാർ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ